**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4467** **01-07-2024 - ൽ മറുപടിയ്ക്ക്**

**കയർ മേഖലയിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കയർ മേഖലയിലെ പ്രതിസന്ധി രൂക്ഷമായി തുടരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കയർ മേഖല പ്രതിസന്ധി നേരിടുന്നുണ്ട്, രൂക്ഷമാവാതിരിക്കാൻ നടപടികൾ സ്വീകരിക്കുന്നു . |
| (ബി) | കുറഞ്ഞ കൂലി നിരക്കും അസംസ്കൃത വസ്തുവായ തൊണ്ടിന്റെ ദൗർലഭ്യവും കയർ മേഖലയിലെ തൊഴിലാളികളെ സാരമായി ബാധിച്ച കാര്യം വിലയിരുത്തിയിട്ടുണ്ടോ; ഇത് പ്രസ്തുത മേഖലയിൽ നിന്നും തൊഴിലാളികൾ കൊഴിഞ്ഞുപോകുന്നതിന് ഇടയാക്കുന്നുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) | (ബി) കയർ അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തിയും കയർ മേഖലയിലെ തൊഴിലാളികൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള മിനിമം വേതനം ഉറപ്പാക്കിയുമാണ് തൊഴിൽ നൽകിപോരുന്നത്. മിനിമം വേതനം ഉറപ്പാക്കുന്നതിനായി ഇൻകം സപ്പോർട്ട് പദ്ധതിവഴി സർക്കാർ വിഹിതവും നൽകി വരുന്നുണ്ട്. പ്രസ്തുത മേഖലയിൽ നിന്നും തൊഴിലാളികളുടെ കൊഴിഞ്ഞു പോക്ക് ഒഴിവാക്കുന്നതിനും കയർ മേഖലയിൽ തൊഴിലവസരങ്ങളുടെ സുസ്ഥിരത ഉറപ്പാക്കുന്നതിനും കയർ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം, മാനേജീരിയൽ സബ്സിഡി, പ്രൊഡക്ഷൻ ആൻഡ് മാർക്കറ്റിംഗ് ഇൻസെന്റീവ് എന്നീ പദ്ധതികളിൽ ധനസഹായം നൽകിവരുന്നുണ്ട്. |
| (സി) | നിലവിൽ കയർ മേഖലയിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്; അവർക്ക് പ്രതിവർഷം ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നുണ്ട് എന്നറിയിക്കാമോ; | (സി) | നിലവിൽ കയർ മേഖലയിൽ ഏകദേശം 21000 തൊഴിലാളികൾ ജോലി ചെയ്തു വരുന്നുണ്ട്. അവർക്ക് പ്രതിവർഷം ശരാശരി 120 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ട്. |
| (ഡി) | മുൻ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ ഇൻകം സപ്പോർട്ട് സ്കീം നിലവിലുണ്ടോ; അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ എന്ന് അറിയിക്കാമോ? | (ഡി) | ഉണ്ട്. അതിന്റെ പ്രയോജനം തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് നാളിതുവരെ ഇൻകം സപ്പോർട്ട് സ്കീമിൽ ആകെ 45.9 കോടി രൂപ അർഹരായ പരമ്പരാഗത കയർ തൊഴിലാളികൾക്ക് ഡയറക്ട് ബെനിഫിഷ്യറി ട്രാൻസ്ഫർ വഴി വിതരണം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ